# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 309

30/01/2014ലെ
മറുപടിക്ക്

**ഉദ്യോഗസ്ഥർ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് തടയുന്നതിനുള്ള നടപടികൾ**

**ചോദ്യം :**

ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി
ശ്രീ.പി.ഉബൈദുള്ള
ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ
ശ്രീ.പി.ബി.അബ്ദുൾ റസാക്ക്

**ഉത്തരം :**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) ഭരണഘടനയ്ക്കനുസൃതമായി നിലവിലുള്ളതും, കാലാകാലങ്ങളിൽ നിർമ്മിക്കുന്നതുമായ നിയമങ്ങൾക്കനുസരിച്ചുള്ള ഉത്തരവാദിത്വങ്ങൾ നിഷ്പക്ഷമായി നിർവ്വഹിക്കാതെ ഒരു വിഭാഗം ഉദ്യോഗസ്ഥർ കക്ഷിരാഷ്ട്രീയത്തിലിടപെടുന്നത് തടയാൻ എന്തൊക്കെ മുൻകരുതലുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(എ) കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങൾ 1960ലെ ചട്ടം 67 പ്രകാരം സർക്കാർ ജീവനക്കാരൻ ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിലോ അതുമായി ബന്ധപ്പെട്ട സംഘടനയിലോ അംഗമാകുവാനോ മറ്റുരീതിയിൽ അവയുമായി സഹകരിക്കുവാനോ പ്രവർത്തിക്കുവാനോ വരിസംഖ്യ നൽകുവാനോ പാടില്ല.

(ബി) സുരക്ഷാചുമതലയുള്ള ഉദ്യോഗസ്ഥരുൾപ്പെടെയുള്ള ഉദ്യോഗസ്ഥർ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായ ആക്ഷേപവും അതുവഴി ജനങ്ങൾക്ക് നീതിയും സംരക്ഷണവും ലഭിക്കുന്നതിന് തടസ്സമാകുന്നുവെന്ന കാര്യവും ഗൗരവപൂർവ്വം പരിഗണിക്കുമോ ; വ്യക്തമാക്കാമോ ;

(ബി) സുരക്ഷാചുമതലയുള്ള ഉദ്യോഗസ്ഥരും, മറ്റു പോലീസുദ്യോഗസ്ഥരും രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നില്ല. ജനങ്ങൾക്ക് നീതിയും സംരക്ഷണവും ലഭിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾക്കനുസരണമായി പോലീസ് ക്രിയാത്മകമായി പ്രവർത്തിക്കുന്നുണ്ട്.

(സി) ഇക്കാര്യത്തിൽ പൊതു ധാരണ ഉണ്ടാക്കുന്നതിനും, പെരുമാറ്റ ചട്ടമുണ്ടാക്കി കർശനമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

(സി) പോലീസുദ്യോഗസ്ഥരുടെ പെരുമാറ്റചട്ടങ്ങൾ സംബന്ധിച്ച് കെ പി ആക്ടിൽ പ്രതിപാദിക്കുന്നുണ്ട്. പോലീസുദ്യോഗസ്ഥർ അതനുസരിച്ച് പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ